"ഭരണ ഭാഷ മാതൃഭാഷാ"

നം.എൻ.ഇ.പി(3)/61551/2018/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 19/11/2018.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - കൈറ്റ്- "സമഗ്ര" ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/11/2018 ലെ കൈറ്റ്/2018/1527(98)നം.കുറിപ്പ്.

**********

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ പഠനവിഭവങ്ങളും അവ വിനിമയം ചെയ്യുന്നതിനുള്ള പാഠാസൂത്രണ മാതൃകകളും ഓരോ സ്കൂളിലും എത്തിയ്ക്കുന്നതിന് എസ്.സി.ഇ.ആർ.ടി യുടെ അക്കാദമിക മേൽനോട്ടത്തിൽ കൈറ്റ് "സമഗ്ര" തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച സമഗ്രയുടെ സമീപന രേഖയിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി പോർട്ടലിൽ ചേർത്തിട്ടുള്ള പാഠാസൂത്രണങ്ങളും വിഭവങ്ങളും കേരളത്തിലെ എല്ലാ അധ്യാപകർക്കും പരിശോധിക്കുവാനും തന്റെ ക്ലാസിലുള്ള പാഠവിനിമയത്തിന് അവ ഉപയോഗിക്കുവാനും കഴിയുന്നുണ്ട്. പാഠാസൂത്രണങ്ങൾ പൂർണ്ണമായോ ഭാഗികമായോ മെച്ചപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യവും അധ്യാപകർക്കുണ്ട്. എന്നാൽ ചില ജില്ലകളിൽ പുതിയതായി തയ്യാറാക്കിയതോ സമഗ്രയിൽ ചേർത്തിട്ടുള്ള പ്ലാനുകളെ പുനർനിർണ്ണയിച്ചതോ ആയ ഡിജിറ്റൽ രൂപത്തിലുള്ള പാഠാസൂത്രണങ്ങൾ ഫലപ്രധമായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നിലപാടുകൾ സമഗ്രയുടെ ഉദ്ദേശലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും, കൂടാതെ ഓട്ടോമേറ്റഡ് ഓഫീസ് നടപടിക്രമങ്ങൾ തുടർവർഷങ്ങളിലും പ്രോത്സാഹിപ്പിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. കൂടാതെ എഴുതി തയ്യാറാക്കിയ രേഖകളോടൊപ്പം തന്നെ ഡിജിറ്റലായി തയ്യാറാക്കിയ രേഖകളും സ്വീകാര്യമാണ്.

ഈ സാഹചര്യത്തിൽ "സമഗ്ര" പോർട്ടലിലൂടെ സമർപ്പിക്കുന്ന പാഠാസൂത്രണങ്ങൾ എഴുതി തയ്യാറാക്കുന്ന ടീച്ചിംഗ് നോട്ടിന് സമാനമാണെന്ന് മനസ്സിലാക്കി "സമഗ്ര"യുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണെന്ന് അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ,
   കൈറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും /ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
5. കരുതൽ ഫയൽ.